# പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ-ശ്രീ. പി.ജെ. ജയിംസ്)

*വിഷയം:- പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ് -വിവരാവകാശ നിയമപ്രകാരമുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി ഡിഡിപി ആഫീസിലെ സീനിയർ സൂപ്രണ്ടിനേയും ഒന്നാം അപ്പീൽ അധികാരിയായി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറേയും നിയമിച്ച്- ഉത്തരവാകുന്നു.*

*പരാമർശം:- (1) ബഹു: പഞ്ചായത്ത് ഡയറക്ടറുടെ 17.07.2017-ലെ സി7-17705/17 നം.ഉത്തരവ്.*
*(2) തദ്ദേശസ്വയംഭരണവകുപ്പ് (ഇപിബി) സ.ഉ(ആർ.റ്റി.)നം-26/2018 എൽ.എസ്.ജി.ഡി തീയതി: 03.01.2018*

**ഉത്തരവ് നമ്പർ ജി4-6155/16 തീയതി: 04.01.2018**

പത്തനംതിട്ട ജില്ലയിലെ പഞ്ചായത്ത് വകുപ്പിൽ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും ഡെപ്യൂട്ടി ഡയറക്ടറാഫീസിലേയും വിവരാവകാശനിയമപ്രകാരമുള്ള ഒന്നാം അപ്പീൽ അധികാരിയായി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചുവരുന്ന ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ സീനിയർ സൂപ്രണ്ടും ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസറായി ഡപ്യൂട്ടി ഡയറക്ടറാഫീസിലെ ജൂനിയർ സൂപ്രണ്ടും പ്രവർത്തിച്ചുവരികയാണ്.വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷകളും അപ്പീലുകളും വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് സൂചന (1) ഉത്തരവ് പ്രകാരം ഒന്നാം അപ്പീൽ അധികാരിയായി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറേയും, ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസറായി ടി ഓഫീസിലെ സീനിയർ സൂപ്രണ്ടിനെയും നിയമിച്ച് ഉത്തരവായിട്ടുണ്ട്. സൂചന (2) പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ നിയമന ഉത്തരവ് നടപ്പിലായ സാഹചര്യത്തിലുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാം അപ്പീൽ അധികാരിയേയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസറേയും ചുവടെ ചേർക്കുന്ന വിധം നിയമിച്ച് ഉത്തരവാകുന്നു.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | ഫോൺ നമ്പർ |
|---|---|---|
| ശ്രീ.പി.ജെ. ജയിംസ് | ഒന്നാം അപ്പീൽ അധികാരി & എ.ഡി.പി. | 0468 2222207 |
| ശ്രീ.രാജേഷ് കുമാർ.പി.ജെ. | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ & സീനിയർ സൂപ്രണ്ട് | 0468 2222561 |
| ശ്രീ. വി.എൻ. അനിൽ | അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ & ജൂനിയർ സൂപ്രണ്ട് | 0468 2222561 |

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സൂപ്രണ്ടുമാരുടെയും സെക്ഷനുകളുടെയും ചുമതലകൾ പുനർനിർണ്ണയിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഫയൽ കൈമാറ്റം നടത്തേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.

*പി.ജെ. ജയിംസ്*
*പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ*
*(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല)*
*പത്തനംതിട്ട.*

*പകർപ്പ്: 1. എ.ഡി.പി. ഓഫീസ്, പത്തനംതിട്ട.*
*2. ഡി.റ്റി.ഒ., ഐ.കെ.എം.(വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*
*3. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും.*
*4. ഓഫീസ് നോട്ടീസ് ബോർഡ്*
*5. എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ, ഡിഡിപി & എഡിപി ഓഫീസ്.*
*6. കരുതൽ/അധികം.*

സു.